**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 8** **22-02-2022 - ൽ മറുപടിയ്ക്ക്**

**കേരളം കൈവരിച്ച നേട്ടങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | കേരളം മറ്റ സംസ്ഥാനങ്ങളെയപേക്ഷിച്ച ഏതെല്ലാം മേഖലകളിലാണ് മികച്ച നേട്ടങ്ങൾ കൈവരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | എയും, ബിയും, സിയും മറുപടി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സ്കാൻഡിനേവിയൻ രാജ്യങ്ങളെ പോലെ സാമൂഹിക ജീവിതത്തിൽ ഉൾപ്പെടെ എല്ലാ മേഖലകളിലും മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുമോ; | (ബി) | എയും, ബിയും, സിയും മറുപടി അനുബന്ധമായി ചേർക്കുന്നു. |
| (സി) | സ്കൂൾ- കോളേജ് പാഠ്യപദ്ധതിയിൽ ഉൾപ്പെടെ ഇതിനനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുമോയെന്നും സാമൂഹ്യ പ്രതിബദ്ധതയുള്ള പൗരന്മാരായി പുതു തലമുറയെ വാർത്തെടുക്കാൻ പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വിശദമാക്കുമോ? | (സി) | എയും, ബിയും,സിയും മറുപടി അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

(എ)യും (ബി)യും (സി)യും

ക്ഷേമ വികസന മേഖലകളിൽ കേരളത്തിന്റെ ഒന്നാം സ്ഥാനത്തിന് കഴിഞ്ഞ അഞ്ചുവർഷത്തിനിടെ ലോകസ്വീകാര്യത ലഭിച്ചിട്ടുണ്ട്. നീതി ആയോഗും ഐക്യരാഷ്ട്ര സഭയും (UN in India) സംയുക്തമായി ദേശീയതലത്തിലും സംസ്ഥാന/കേന്ദ്രഭരണ പ്രദേശതലത്തിലും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലുള്ള പുരോഗതി അളക്കുന്നതിനായി ഓരോ വർഷവും തയ്യാറാക്കുന്ന റിപ്പോർട്ടാണ് SDG ഇന്ത്യ ഇൻഡക്സ് റിപ്പോർട്ട്. സുസ്ഥിര വികസന ലക്ഷ്യത്തിൽ സംസ്ഥാനം ഗണ്യമായ പുരോഗതി കൈവരിച്ചതിന്റെ പ്രതിഫലനമാണ് 2018 മുതൽ പ്രസിദ്ധീകരിക്കുന്ന SDG ഇന്ത്യ ഇൻഡക്സ് റിപ്പോർട്ടിൽ തുടർച്ചയായി മൂന്നാമതും കേരളം ഒന്നാമതെത്തിയത്.

ഇന്ത്യയിൽ ഏറ്റവും കാര്യക്ഷമമായി ഭരണം നടക്കുന്ന സംസ്ഥാനത്തിനുള്ള പുരസ്ക്കാരവും കേരളത്തിന് ലഭിച്ചു. വളർച്ച, സാമൂഹ്യനീതി. സുസ്ഥിര വികസനം, തുല്യത എന്നീ മേഖലകൾക്ക് ഊന്നൽ നൽകി മുന്നേറുന്ന വികസന ശൈലിയുടെ മികവാണ് കേരളത്തെ ഈ പുരസ്ക്കാരത്തിന് പ്രാപ്തമാക്കിയത്. ട്രാൻസ്പരൻസി ഇന്റർനാഷണൽ ഇന്ത്യയും ലോക്കൽ സർക്കിൾസ് പ്ലാറ്റ്ഫോമും നടത്തിയ ഇന്ത്യ കറപ്ഷൻ സർവെയിൽ രാജ്യത്തെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളത്തെയാണ് തിരഞ്ഞെടുത്തത്. ശാന്തവും സമാധാനപൂർണ്ണവുമായ സാമൂഹ്യജീവിതം ഉറപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. ക്രമസമാധാന പാലനത്തിൽ ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനവും കേരളമാണ്. രാജ്യത്ത് തൊഴിലാളികൾക്ക് ഏറ്റവും ഉയർന്ന മിനിമം കൂലി ലഭിക്കുന്നത് കേരളത്തിലാണ്. മലയാളികളുടെ പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയേക്കാൾ 50 ശതമാനം ഉയർന്നതാണ്.

കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സുസ്ഥിര വികസനത്തിൽ കൈവരിച്ച നേട്ടങ്ങളും ആവിഷ്ക്കരിക്കുന്ന പദ്ധതികളും.

**<u>വൈദ്യുതി</u> :**

നൂറു ശതമാനം വൈദ്യുതീകരണം പൂർത്തിയാക്കി SDG (Clean and Affordable energy) എന്ന ലക്ഷ്യം പൂർണ്ണമായി കൈവരിച്ച രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. Percentage of renewable energy out of total installed capacity എന്ന സൂചകത്തിലും നിശ്ചയിച്ച ലക്ഷ്യം കേരളം കൈവരിച്ചു. വൈദ്യുതി ക്ഷാമം ഇല്ലാതാക്കുന്നതിന് 10,000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തീകരിക്കും.

**<u>പൊതുവിതരണം</u>** :

കേരളത്തിൽ National Food Security ACT (NFSA) ന്റെ ഗുണഭോക്താക്കൾ 100 % ആണ്.

**<u>ആരോഗ്യം</u>** :

നീതി ആയോഗ് തയ്യാറാക്കിയ സൂചികകൾ പ്രകാരം ആരോഗ്യമേഖലയിൽ കേരളം തുടർച്ചയായി ഒന്നാം സ്ഥാനത്താണ്. ശിശുമരണനിരക്കും അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്കും ഏറ്റവും കുറവ് കേരളത്തിലാണ്. ദേശീയതലത്തിൽ മികച്ച ആശുപത്രികൾക്കുള്ള നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡിൽ ആദ്യ പന്ത്രണ്ട് സ്ഥാനങ്ങളിലും കേരളത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളാണ്. ഏറ്റവും ഉയർന്ന ജീവിതായുസ്സും ലിംഗ അനുപാതവും കേരളത്തിലാണ്. ആരോഗ്യ വകുപ്പിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ ഫലമായി ഗർഭിണികളിലെ വിളർച്ച, കൗമാര പ്രായക്കാരിലെ വിളർച്ച എന്നീ സൂചകങ്ങളിൽ കേരള നിശ്ചയിച്ച ലക്ഷ്യം കൈവരിച്ചു. ഇതിനുപുറമെ

MMR, Institutional deliveries, Total Physicians, Nurse and Mid wives, എന്നീ സൂചകങ്ങളിലും 100 % സ്കോർ നേടി.

ആശുപത്രികളുടെ കെട്ടിടനിർമ്മാണ പ്രവൃത്തികൾ യുദ്ധകാല അടിസ്ഥാനത്തിൽ പൂർത്തീകരിക്കും. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രണ്ടുനേരം ഒ.പിയും മരുന്നും ലാബും ഉറപ്പുവരുത്തും. 20 ലക്ഷം കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ വരെ സൗജന്യ കിടത്തിചികിത്സയും ബാക്കിയുള്ളവർക്ക് 2 ലക്ഷം രൂപ വരെ കാരുണ്യ പദ്ധതിയും നടപ്പിലാക്കും.

**കൃഷി** :

കാർഷിക മേഖലയിലെ GVR per worker എന്ന സൂചകത്തിന്റെ സ്കോർ 100 - ൽ എത്തി. Nitrogen out of total NPK എന്ന സൂചകത്തിലും കേരളം നിശ്ചയിച്ച ലക്ഷ്യം കൈവരിച്ചു.

കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധന സൃഷ്ടിക്കും. കാർഷികോത്പാദനക്ഷമത വർദ്ധന, തറവിലയിലെ കാലോചിത പരിഷ്ക്കാരം, കാർഷിക ഉൽപ്പന്ന സംസ്കരണത്തിൽ നിന്നുള്ള വരുമാനം, അനുബന്ധ വരുമാനങ്ങൾ എന്നിവയിലൂടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുതകുന്ന വിധം ഡിജിറ്റൽ പ്ലാറ്റ്ഫോം ഒരുക്കും. മൊബൈൽ വെറ്റിനറി സേവനങ്ങൾ എല്ലാ ബ്ലോക്കുകളിലേയ്ക്കും വ്യാപിപ്പിക്കും.

**പൊതുവിദ്യാഭ്യാസം** :

പഠന പ്രായത്തിലെ ഏതാണ്ട് എല്ലാ കുട്ടികളും സ്കൂളിൽ ചേർന്ന് പത്താം ക്ലാസ് വരെ പഠിക്കുന്നു. കൊഴിഞ്ഞുപോക്ക് ഏറ്റവും താഴ്ന്നത് കേരളത്തിലാണ്. വിദ്യാലയങ്ങളിലെ വൈദ്യുതി-കുടിവെള്ള ലഭ്യത,

വിദ്യാർത്ഥി-അധ്യാപക അനുപാതം, എന്നീ സൂചകങ്ങളിൽ നിശ്ചയിച്ച ലക്ഷ്യം കൈവരിക്കാൻ കേരളത്തിന് സാധ്യമായി.

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 6.8 ലക്ഷം കുട്ടികളാണ് പുതിയതായി പൊതുവിദ്യാലയങ്ങളിൽ ചേർന്നതെങ്കിൽ അടുത്ത 5 വർഷം ഇവരുടെ എണ്ണം 10 ലക്ഷമായി ഉയർത്തും. നാലിലൊന്ന് കുട്ടികളെങ്കിലും എ ഗ്രേഡിൽ എത്തുമെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

**<u>ഉന്നത വിദ്യാഭ്യാസം</u>** :

ഉന്നത വിദ്യാഭ്യാസത്തെ ലിംഗ തുല്യത എന്ന സൂചകത്തിൽ നിശ്ചയിച്ച ലക്ഷ്യം കേരളം കൈവരിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വതന്ത്ര മികവിന്റെ കേന്ദ്രങ്ങൾ സർവ്വകലാശാലകൾക്കുള്ളിൽ സ്ഥാപിക്കും. 500 പോസ്റ്റ് ഡോക്ടർ ഫെലോഷിപ്പുകൾ അനുവദിക്കും.

**<u>ദാരിദ്ര്യ നിർമ്മാർജ്ജനം</u>** :

Head count ratio as per Multidimensional poverty Index, Population living below National Poverty Line എന്നീ സൂചകങ്ങളിൽ നിശ്ചയിച്ച ലക്ഷ്യം കേരളം കൈവരിച്ചു.

പരമദരിദ്ര കുടുംബങ്ങളെ കരകയറ്റുന്നതിന് മൈക്രോപ്ലാൻ നടപ്പാക്കും. 45 ലക്ഷം കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ മുതൽ 15 ലക്ഷം രൂപ വരെ വികസന സഹായം നൽകുന്നതിലൂടെ പാർശ്വവത്ക്കരിക്കപ്പെടുന്നവരുടെ ജീവിത ദുരിതങ്ങൾക്ക് ഏറെ പരിഹാരമുണ്ടാക്കാൻ കഴിയും.

സെക്ഷൻ ഓഫീസർ